## അടിയന്തര പ്രമേയം

## ഭരണസ്തംഭനം

മി. സ്പീക്കർ: ചീഫ് സെക്രട്ടറി ഐ.എ.എസ്. അസോസിയേഷനിലുള്ളവർക്കെതിരെയും, ഐ.എ.എസുകാർ ചീഫ് സെക്രട്ടറിക്കെതിരെയും പരസ്പരം പഴിചാരുകയും ഉദ്യോഗസ്ഥർക്കിടയിൽ ചേരിതിരിവ് അതിരൂക്ഷമാകുകയും സ്വന്തം സംഘടനയ്ക്ക് പരാതി നൽകിയതിന്റെ പേരിൽ ഒരു ഐ.എ.എസ്. ആഫീസർക്കെതിരെ അന്വേഷണത്തിന് മന്ത്രിസഭ തീരുമാനിക്കുകയും ചെയ്തതിനെത്തുടർന്നുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. മാത്യു റ്റി. തോമസ്, കെ. രാധാകൃഷ്ണൻ, വി.എസ്. സുനിൽകുമാർ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്നത് ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ ചേരിതിരിവ് അതിരൂക്ഷമാകുകയും ഭരണസ്തംഭനം സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു എന്നാണ്. ഒരു ഭരണസ്തംഭനവും സൃഷ്ടിച്ചിട്ടില്ല. അതുപോലെ സ്വന്തം സംഘടനയ്ക്ക് നിവേദനം കൊടുത്തതിന്റെ പേരിൽ അന്വേഷണം വച്ചിരിക്കുന്നു. ചീഫ് സെക്രട്ടറിക്കെതിരെ കൊടുത്തതായിപ്പറയുന്ന ആ പരാതി സംബന്ധിച്ച് പത്രങ്ങളിൽ വന്ന വാർത്ത, പത്രങ്ങളിൽ അതെങ്ങനെ വന്നു എന്നതിനെക്കുറിച്ച് അന്വേഷിക്കാൻ സ്വാഭാവികമായും അത് Code of Conduct-ന്റെ ഒരു ലംഘനമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. അത് അന്വേഷിക്കാനായി അഡീഷ

ണൽ ചീഫ് സെക്രട്ടറി ശ്രീ. കെ.എം. എബ്രഹാമിനെ ചുമതലപ്പെടുത്തിയത് ശരിയാണ്. പത്രങ്ങളിൽ ഇതുസംബന്ധിച്ച് ധാരാളം വാർത്തകൾ വന്നിട്ടുണ്ട്. ആ വാർത്തകളുടെ അടിസ്ഥാനത്തിൽ അടയന്തരപ്രമേയം കൊണ്ടുവരണോ വേണ്ടയോ എന്നൊക്കെ തീരുമാനിക്കേണ്ടത് പ്രതിപക്ഷത്തിന്റെ കടമയാണ്. പക്ഷേ അങ്ങനെ വന്നിട്ടില്ല. ഐ.എ.എസ്. അസോസിയേഷന്റെ ഒരു നിവേദനം എനിക്ക് ലഭിച്ചിട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ച് അതിനൊരു പരിഹാരമുണ്ടാക്കും. ചെറിയ ചില അഭിപ്രായ വ്യത്യാസങ്ങളുടെയും ചില സമീപനത്തിലെ വീഴ്ചകളെ സംബന്ധിച്ചുമൊക്കെ അകൽച്ചയുണ്ടായിയെന്നുള്ളത് ശരിയാണ്. അതിന് ആവശ്യത്തിലധികം പബ്ലിസിറ്റി ലഭിച്ചു. ഏതായാലും ഇത് ചർച്ചയിലൂടെ അതിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കും.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി ചേരിതിരിവ് ഭരണസ്തംഭനമുണ്ടാക്കിയിട്ടില്ലെന്നാണ്. ചേരിതിരിവുണ്ടെന്ന് മുഖ്യമന്ത്രിയുടെ ആദ്യത്തെ വാചകത്തിൽത്തന്നെ സമ്മതിച്ചു. അത് യാഥാർത്ഥ്യത്തോടുള്ള ഒരു പ്രതികരണമാണ്. പത്രവാർത്ത എങ്ങനെ വന്നുയെന്നതിനെ സംബന്ധിച്ചാണ് അന്വേഷണം. കെ.പി.സി.സി. യോഗത്തിന്റെ വാർത്തകളും മുഖ്യമന്ത്രി സോണിയാ ഗാന്ധിയെ കാണുന്നതിന്റെ വാർത്തകളുമൊക്കെ പത്രത്തിൽ വരുന്നുണ്ട്. ഇവിടത്തെ പ്രശ്നം സംസ്ഥാനത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ഇടയിൽ രൂപപ്പെട്ട ചേരിതിരിവ് ഓരോദിവസവും അതിരൂക്ഷമായി വളർന്നുകൊണ്ടിരിക്കുന്നുയെന്നുള്ളതാണ്. ഇരുചേരിയിലുംപെട്ടവർ അങ്ങോട്ടും ഇങ്ങോട്ടും ചെളിവാരിയെറിയുന്നതിനിടയിൽ നമ്മുടെ സിവിൽ സർവ്വീസിന് നാം കൽപ്പിച്ച് നൽകിയി

രുന്ന അന്തസ്സും മാന്യതയും അപ്പാടെ നഷ്ടപ്പെടുകയാണെന്നുമാത്രമല്ല ഈ ചേരിപ്പോര് ഭരണ തകർച്ചയ്ക്കും ഭരണസ്തംഭനത്തിനും വഴിവച്ചിരിക്കുകയാണ്. കഴിഞ്ഞ ഒരാഴ്ചയായി പ്രത്യേകിച്ച് ഇന്നലെയും ഇന്നുമായി പുറത്തിറങ്ങിയ എല്ലാ ദിനപ്പത്രങ്ങളും ഈ ചേരിപ്പോരിന്റെ വാർത്തകൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണ്. കൈരളി പീപ്പിൾ ചാനൽ കഴിഞ്ഞ ഒരാഴ്ചയായി ഈ വിഷയം ഉന്നയിക്കുന്നു. എല്ലാ ചാനലുകളും ഈ വിഷയം ഇപ്പോൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഈ വാർത്തകളിലൂടെ രൂപപ്പെട്ടുവരുന്ന ചിത്രം ഭയാനകമാണ്. സംസ്ഥാനത്തെ ചീഫ് സെക്രട്ടറി തന്നെ ഒരു വിഭാഗം ഐ.എ.എസുകാർക്കെതിരെ പട നയിക്കുന്നു. മറ്റൊരുവിഭാഗം ഉന്നത ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ചീഫ് സെക്രട്ടറിക്ക് എതിരെ പട നയിക്കുന്നു. അതിന്റെ പേരിലുണ്ടാകുന്ന ആരോപണം എന്തൊക്കെയാണ്. അനധികൃത സ്വത്ത് സമ്പാദനം, മൂന്നാർ ഒഴിപ്പിക്കലിന്റെ അവിഹിത ഇടപെടലടക്കമുള്ള ഗുരുതരമായ ആക്ഷേപങ്ങളാണ് ഇരുചേരിയിലുമുള്ള സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും ഉന്നയിക്കുന്നത് നിരന്തരം പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഈ തർക്കത്തിൽ പക്ഷം പിടിക്കാൻ ഞങ്ങളില്ല. ഏത് ചേരിയാണ് ശരിയുടെ പക്ഷത്തെന്നതിൽ വിധി എഴുതാൻ നമുക്കാവില്ലല്ലോ. ഏതെങ്കിലും ഒരു ചേരി പരിശുദ്ധൻമാരാണെന്നും മറുചേരി അഴിമതിക്കാരാണെന്നും എനിക്കഭിപ്രായമില്ല. ഞങ്ങൾക്ക് ഒരു ഐ.എ.എസ്. കാരുടെയും വക്കാലത്തില്ല. ഉന്നത ഉദ്യോഗസ്ഥരുടെ ചക്കളത്തിൽ പോരാട്ടം രൂപപ്പെടുന്നതിൽ മുഖ്യമന്ത്രിയും മന്ത്രിസഭയും വഹിച്ച പങ്കും ഈ പ്രശ്നങ്ങളുണ്ടാക്കി തീർത്ത ഭരണസ്തംഭനം ദൈനംദിന ഭരണ നടപടികളെ പുറകോട്ടടിക്കുന്നതുമാണ് ഈ അടിയന്തര പ്രമേയത്തിന്റെ അടിസ്ഥാന വിഷയം. ഇത് ഇന്നും ഇന്ന

ലെയും തുടങ്ങിയതല്ല. 07.11.2013-ൽ മംഗളം ദിനപ്പത്രത്തിൽ വന്ന വാർത്ത യാണ് 'ചീഫ് സെക്രട്ടറിക്ക് എതിരെ മന്ത്രിമാരുടെ കൂറുമുന്നണി', 'ചിഫ് സെക്രട്ടറി ഇ. കെ. ഭരത്ഭൂഷനെതിരെ മുസ്ലീംലീഗ് മന്ത്രിമാരുടെ നേതൃത്വ ത്തിൽ കൂറുമുന്നണി'. ചീഫ് സെക്രട്ടറിയുടെ പല നടപടിയും ഭരണത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നാണ് മന്ത്രിമാരുടെ വിലയിരുത്തൽ. ഇന്നലെ രാവിലെയാണ് മന്ത്രിമാർ യോഗം ചേർന്നത്. 22.02.2013-ൽ അഴിമ തിക്ക് മന്ത്രിമാരുടെ സമ്മർദ്ദം എന്നുപറഞ്ഞ് ഐ.എ.എസ്. മേധാവികൾ, അഴി മതിയാണെന്ന് തോന്നുന്ന ഫയലുകളിൽ എഴുതുന്ന വിയോജനക്കുറിപ്പ് മാറ്റി എഴുതാനാണ് മന്ത്രിമാരുടെ സമ്മർദ്ദമെന്ന് ചീഫ് സെക്രട്ടറി വിളിച്ചുകൂട്ടിയ യോഗത്തിൽ ഐ.എ.എസ്. മേധാവികൾ കുറ്റപ്പെടുത്തി. ഇപ്പോഴത്തെ ചീഫ് സെക്രട്ടറിയല്ല. പഴയ ചീഫ് സെക്രട്ടറിയാണ്. അത് വളർന്നുവന്ന് എവിടെ വരെ എത്തി. '18.06.2014-ൽ മൂന്നാർ ഒഴിപ്പിക്കൽ അട്ടിമറിക്കാൻ ഭരത്ഭൂഷൻ ശ്രമിച്ചെന്ന് രാജു നാരായണസ്വാമി'. ഇന്നലത്തെ മംഗളം ദനിപ്പത്രത്തിൽ 'ഐ.എ.എസ്. ഉന്നതതലത്തിൽ കൂട്ട അടി, വാക്പോരിൽ ലൈംഗിക അപവാദവും' എന്ന വാർത്ത, ഇന്നലത്തെ മലയാള മനോരമ ദിനപ്പത്രത്തിന്റെ ഒന്നാം പേജിൽ 'രാജു നാരായണസ്വാമിക്കെതിരെ ഉന്നതതല അന്വേഷണം' എന്ന വാർത്ത, ഇന്നലത്തെ മാതൃഭൂമി ദിനപ്പത്രത്തിന്റെ ഒന്നാം പേജിൽ എട്ടാംകോളത്തിൽ 'ചീഫ് സെക്രട്ടറി ശുപാർശ ചെയ്ത വിജിലൻസ് അന്വേഷണം ആഭ്യന്തരവകുപ്പ് തടഞ്ഞു, അന്വേഷണം ടോം ജോസിനും രാജു നാരായണസ്വാമിക്കും എതിരെ' എന്ന വാർത്ത, ഇന്നത്തെ മാതൃഭൂമി

ദിനപ്പത്രത്തിൽ 'ഐ.എ.എസ്. തലപ്പത്തെ ചേരിപ്പോര് ഭരണ നേതൃത്വത്തിൽ അമർഷം' എന്ന വാർത്ത, ഇന്നത്തെ മലയാള മനോരമ ദിനപ്പത്രത്തിൽ 'ഐ.എ.എസ്. അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീലങ്ക യിൽനിന്ന് തിരിച്ചുവന്നതിനുശേഷം മുഖ്യമന്ത്രിയെ കാണാൻ തീരുമാനിച്ചിരി ക്കുന്നു' എന്ന വാർത്ത, ഇന്നത്തെ മാധ്യമം ദിനപ്പത്രത്തിൽ 'ഐ.എ.എസ്. ചേരിപ്പോര് ഭരണം പ്രതിസന്ധിയിലേയ്ക്ക്' എന്ന വാർത്ത, ഇന്നത്തെ കേരള കൗമുദി ദിനപ്പത്രത്തിൽ 'ചീഫ് സെക്രട്ടറിയുടെ സ്വത്ത് കേന്ദ്ര വിജി ലൻസ് അന്വേഷിക്കും' എന്ന വാർത്ത. ഇത്തരത്തിലുള്ള വാർത്തകളാണ് വന്നിരിക്കുന്നത്. പരസ്പരം ചെളി വാരുന്നതിലൂടെ എന്താണ് സംഭവിക്കുന്ന ത്; ഭരണ മുന്നണിയിലെ അന്തഃഛിദ്രവും ഇഴമുറിയലും ഉദ്യോഗസ്ഥരിൽ കൊണ്ടെത്തിച്ചതിന് ഈ സർക്കാരിനല്ലേ ഉത്തരവാദിത്തം? 168368 ഫയലു കൾ തീർപ്പാകാതെ കിടക്കുന്നുവെന്ന് മുഖ്യമന്ത്രി ഈ നിയമസഭയിൽ മറു പടി തന്നതാണ്. നമ്മുടെ കേഡറിൽ 153 പേരുള്ളതിൽ 90 പേർ മാത്രമെ ഇപ്പോഴുള്ളൂ. 126 പോസ്റ്റുകളുണ്ട്. ബാക്കിയുള്ള ആളുകൾ ഡെപ്യൂട്ടേഷ നിലാണ്. ഫയലുകൾ തീർപ്പാക്കേണ്ട ആളുകൾ തമ്മിലാണ് ഈ ചേരിപ്പോ ര്. മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റവും നടപടിക്രമ ങ്ങളും മാനദണ്ഡങ്ങളുമെല്ലാം ലംഘിക്കുകയാണ്. ഞാൻ അതിലേയ്ക്ക് വിശദമായി പോകുന്നില്ല. കുറച്ചുദിവസം അവധിയിൽ പോയ ഒരാളിനെ മാറ്റി അഡീഷണൽ ചീഫ് സെക്രട്ടറിക്ക് താഴെയുള്ള ഉദ്യോഗസ്ഥന് സ്ഥാന ക്കയറ്റം നൽകി. അതിനെതിരെയുള്ള പരാതി. ഇപ്പോൾ സീറ്റ് കൂടുതൽ ചോദിച്ചു, തരുന്നില്ല. അതുകൊണ്ട് റിവേർഷന്റെ വക്കത്ത് എത്തിനിൽക്കുക

യാണ്. ഐ.എ.എസ്. ഉദ്യോഗസ്ഥർ പാലിക്കപ്പെടേണ്ടുന്ന സാമാന്യ മര്യാദ കൾ അവർ പാലിക്കാതിരിക്കുമ്പോൾ പ്രീണനത്തിനും പിടിപ്പുകേടിനും ഉത്തമ ഉദാഹരണങ്ങളായി സർക്കാർ നിരവധി കാര്യങ്ങൾ ചെയ്തുകൊണ്ടിരി ക്കുകയാണ്. ചീഫ് സെക്രട്ടറിയുടെ താൽപ്പര്യങ്ങൾക്ക് കൂട്ടുനിൽക്കാത്ത തുകൊണ്ടാണ് തന്നെ പീഡിപ്പിക്കുന്നതെന്ന് ഐ.എ.എസിൽ ഫസ്റ്റ് റാങ്ക് നേടിയ രാജു നാരായണസ്വാമി, കേന്ദ്ര ഡെപ്യൂട്ടേഷൻ തടയാൻ വിജി ലൻസ് എൻക്വയറിക്ക് ഉത്തരവിട്ടു, ഇലക്ഷൻ ഒബ്സർവർ ആക്കരുതെന്ന് കത്തെഴുതി ഇതെല്ലാം രാജു നാരായണസ്വാമിയുടെ പരാതികളാണ്. ആനു വൽ പെർഫോമൻസ് റിപ്പോർട്ടിൽ അദ്ദേഹത്തിനെതിരെ വകുപ്പ് സെക്ര ട്ടറിയും ബന്ധപ്പെട്ട മന്ത്രിയും പരാമർശങ്ങളെഴുതി. അദ്ദേഹം സിവിൽ സപ്ലൈസ് കമ്മീഷണറായി 01.04.2012 മുതൽ 11.01.2013 വരെ ജോലി ചെയ്ത പ്പോൾ അദ്ദേഹത്തിനെതിരെ പ്രിൻസിപ്പൽ സെക്രട്ടറിയും ബന്ധപ്പെട്ട മന്ത്രിയും.......... മന്ത്രിയുടെ ഇടപെടൽമൂലമുണ്ടായ മൂന്ന് സംഗതികളിൽ വിജിലൻസ് കേസ് ശുപാർശ ചെയ്തതാണോ അദ്ദേഹം ചെയ്ത കുറ്റം. ആ കേസുകൾ രജിസ്റ്റർ ചെയ്ത് വിജിലൻസ് എൻക്വയറി നടന്നുകൊണ്ടിരിക്കുക യല്ലേ. റിപ്പോർട്ടിംഗ് അതോറിറ്റിയും റിവ്യൂവിംഗ് അതോറിറ്റിയും അഡ്വേഴ്സ് കമെന്റ്സ് എഴുതിയപ്പോൾ അക്സെപ്റ്റിംഗ് അതോറിറ്റിയായ മുഖ്യമന്ത്രിക്ക് അദ്ദേഹം 7.10.2013-ൽ പരാതി നൽകി. ആ പരാതി മുഖ്യമന്ത്രി പരിശോധിച്ചു. മുഖ്യമന്ത്രി ആ പരാതി പരിശോധിച്ച ശേഷം 21.10.2013-ൽ അദ്ദേഹത്തിന് മറു പടി കൊടുത്തു. റിപ്പോർട്ടിംഗ് അതോറിറ്റിയും റിവ്യൂവിംഗ് അതോറിറ്റിയും എഴുതിയ അഡ്വേഴ്സ് കമെന്റ്സ് ഇതുപ്രകാരം ഞാൻ നീക്കംചെയ്തിരി ക്കുന്നു എന്നാണ് മുഖ്യമന്ത്രിയുടെ മറുപടി. ‘This is to inform you that the

requests in your representation referred to above have been allowed. Adverse remarks of the reporting and reviewing authorities are hereby expunged. The overall grade of your PAR for 2012-13 is upgraded to 8.5 on a scale of 10. Yours Sincerely,(Sd.) Oommen Chandy'.

റിപ്പോർട്ടിംഗ് അതോറിറ്റിയും റിവ്യൂവിംഗ് അതോറിറ്റിയും എഴുതിയ അഡ്വേഴ്സ് കമൻസ് അക്സെപ്റ്റിംഗ് അതോറിറ്റിയായ കേരളത്തിന്റെ ഭരണത്തലവൻ മുഖ്യമന്ത്രി എക്സ്പഞ്ച് ചെയ്ത് 8.5 ഗ്രേഡ് കൊടുത്തു. അതിനുശേഷം മുഖ്യമന്ത്രിക്ക് പരാതി കൊടുത്തതിന്റെ പേരിൽ ഈ ഉദ്യോഗസ്ഥന് 16.11.2013-ൽ ചീഫ് സെക്രട്ടറി മെമ്മോ കൊടുത്തിരിക്കുന്നു. കേരള സർവ്വീസിലുള്ള ഒരു ഐ. എ. എസ്. ഉദ്യോഗസ്ഥൻ അക്സെപ്റ്റിംഗ് അതോറിറ്റിയും ഈ സംസ്ഥാനത്തിന്റെ ഭരണത്തലവനുമായ മുഖ്യമന്ത്രിക്ക് ഒരു പരാതി കൊടുത്തതിന് കേരളത്തിന്റെ ചീഫ് സെക്രട്ടറി 16.11.2013-ൽ മെമ്മോ കൊടുത്തിരിക്കുന്നു. മെമ്മോ കൊടുത്തുവെന്നു മാത്രമല്ല മുഖ്യമന്ത്രി ഉത്തരവിട്ടതിന് വിരുദ്ധമായി കേരളത്തിലെ ചീഫ് സെക്രട്ടറി ഒരു സർക്കാർ ഉത്തരവിറക്കിയിരിക്കുന്നു. 19.03.2014-ൽ അദ്ദേഹമെഴുതിയത്, ......concerned as reporting authority and the Minister concerned will be the Reviewing Authority and the Chief Minister will be the Accepting Authority. In the instant case during the period under report, the officer was Commissioner, Civil Supplies under Food & Civil Supplies

Department. Hence the Principal Secretary, Food and Civil Supplies is competent to write on the Performance of the Officer.

In the above said circumstance the request for expunction of adverse remarks in the Annual Performance Report is hereby declined”. .....(ബഹളം) ഇതുമാത്രമല്ല മുഖ്യമന്ത്രിയെ തെറ്റിദ്ധരിപ്പിച്ചാണ് ഈ ഉത്തരവ് വാങ്ങിയതെന്നാണ് കേസ്. മെമ്മോയിൽ പറയുന്നത്, ......you have apparantely obtained the approval of the Honourable Chief Minister (Accepting Authority) expunging the remarks of the reporting and the reviewing authorities in your Performance Appraisal Report for the period 01.04.2012 to 11.01.2013, without informing the correct procedure and thereby misguiding the Honourable Chief Minister, made the communication from the Chief Minister directly addressed to you and collected the same yourself. This is gross violation which is totally unbecoming of a senior **IAS** Officer like you, and is tantamount to prima-facie grave misconduct. മുഖ്യമന്ത്രിക്ക് ഒരു പെറ്റീഷൻ കൊടുത്തത് മുഖ്യമന്ത്രിയെ മിസ്ഗൈഡ് ചെയ്യാനാണോ; മുഖ്യമന്ത്രിക്ക് ഒരു പെറ്റീഷൻ കൊടുത്തപ്പോൾ മുഖ്യമന്ത്രി കൊടുത്ത ഉത്തരവിനെ ഒരു സർക്കാർ ഉത്തരവുപോലെ റദ്ദ് ചെയ്യുമ്പോൾ ഈ സംസ്ഥാനം ഭരിക്കുന്നത് ജനാധിപത്യഭരണമാണോ ഉദ്യോഗസ്ഥ ഭരണമാണോ? ആ ഫയൽ ഒരു പക്ഷെ മുഖ്യമന്ത്രി

കണ്ടതായിരിക്കും. ഞാൻ നിഷേധിക്കുന്നില്ല. അപ്പോൾ മുഖ്യമന്ത്രിക്ക് രണ്ട് ശരി.

മി. സ്പീക്കർ: ശ്രീ. മാത്യു റ്റി. തോമസ് 10 മിനിട്ട് ആയി. (ബഹളം).......... നോ.... നോ.... (ബഹളം) .............ശിവൻകുട്ടി ഇവിടെയാ പറഞ്ഞത്. ..... ഏത് അടിയന്തരപ്രമേയവും പ്രധാനപ്പെട്ടതെന്ന് പറഞ്ഞാൽ.... ഇന്ന് വെള്ളിയാഴ്ച യാണ്, പ്രൈവറ്റ് മെമ്പേഴ്സ് ഡേയാണ്. കഴിഞ്ഞതവണ അവർക്ക് 40 മിനിട്ട് മാത്രമാണ് കിട്ടിയത്. ..... പ്ലീസ്...കൺക്ലൂഡ്.

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ഇവിടെ ഭരണം നടത്തുന്നത് ആരാണ്? രാജുനാരായണസ്വാമി മുഖ്യമന്ത്രിയെ കാണുമ്പോൾ അദ്ദേഹത്തിന് അത് ശരി. വിരുദ്ധമായി ചീഫ്സെക്രട്ടറി കാണുമ്പോൾ അതും ശരി. മുഖ്യമന്ത്രി ക്കെന്തിനാ ഈ പല ശരി. ഒരു ശരി പോരെ. പല ഉദ്യോഗസ്ഥന്മാരോട് പല ശരിയെടുക്കുന്നതുകൊണ്ട് ശരി കേൾക്കുന്ന ഉദ്യോഗസ്ഥന്മാർ പല ചേരിക ളിൽ നിന്നുകൊണ്ട് സംസ്ഥാനത്തെ ഭരണം തകർക്കുന്ന അവസ്ഥയ്ക്ക് കേര ളത്തിലെ മുഖ്യമന്ത്രിക്കും ഈ സർക്കാരിനും ഒരു ഉത്തരവാദിത്വമില്ലേ. ചീഫ് വിപ്പ് മുഖ്യമന്ത്രിക്കെതിരെ പറയുന്ന പോലയല്ല; ചീഫ് സെക്രട്ടറി മുഖ്യമന്ത്രി യുടെ ഉത്തരവിനെതിരെ ഉത്തരവിറക്കുന്നത്. ഗൗരവമുള്ള വിഷയമാണ്. ഇപ്പോൾ മന്ത്രിസഭാ തീരുമാനമെന്താണ്. ചീഫ് സെക്രട്ടറിക്കെതിരെ അടി സ്ഥാനരഹിതമായ ആരോപണമുന്നയിച്ച രാജു നാരായണസ്വാമിക്കെതിരെ അന്വേഷണം. അടിസ്ഥാനരഹിതമായ ആരോപണമാണെന്ന് ആദ്യമേ തീരു മാനിച്ചോ? അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിച്ച രാജു നാരായണ സ്വാമിക്കെതിരെ അന്വേഷണം നടത്തണം. പരാതി കൊടുക്കുമ്പോൾ പരാതി യാണ് അന്വേഷിക്കുന്നത്. ഇവിടെ നടക്കുന്ന കാര്യങ്ങളൊന്നും ഉദ്യോഗ

സ്ഥർ അറിയുന്നില്ല. ഇത് കേരളത്തിന്റെ ചരിത്രത്തിൽ മാത്രമല്ല ഒരു പക്ഷെ ഇൻഡ്യയുടെ ചരിത്രത്തിൽതന്നെ ആദ്യമായിരിക്കും. നമ്മുടെ സിവിൽ സർവ്വീസിലെ ഉന്നത ഉദ്യോഗസ്ഥന്മാർ ചേരിതിരിഞ്ഞ് തമ്മിൽ തല്ലുകയും മന്ത്രിമാരുടെ ഉത്തരവുകളെ പുല്ലുവില കല്പിച്ച് തള്ളിക്കളയുകയും ചെയ്യുന്ന അവസ്ഥാവിശേഷം ഇൻഡ്യയിൽതന്നെ ആദ്യമായിരിക്കും. നമ്മുടേത് ഒരു ഫെഡറൽ സംവിധാനമാണ്.

<u>മി. സ്പീക്കർ</u>: ......... പ്ലീസ്.......... കൺക്ലൂഡ്.

<u>ശ്രീ. മാത്യു. റ്റി. തോമസ്</u>: സർ, ഒരു അഖിലേന്ത്യാ സർവ്വീസ് രൂപപ്പെടുത്തിയിരിക്കുന്നത് ആ ഫെഡറൽ സംവിധാനം നിലനിൽക്കാൻവേണ്ടിയാണ്. ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാർകൂടിയാണ്. പത്തനംതിട്ടയിൽ ഒരു എസ്.പി. കൈക്കൂലി വാങ്ങിയ കേസിൽ അദ്ദേഹത്തിനെതിരെ ക്വാറി ഉടമ പറഞ്ഞതനുസരിച്ച് അവിടെ നിന്ന് സസ്പെൻഷനില്ലാതെ മാറ്റി കൊടുത്തു. ഇവിടെയെന്താണ് സ്ഥിതി; പരാതി പറയുന്ന ഉദ്യോഗസ്ഥനെതിരെ അന്വേഷണം നടത്തുക. കൈക്കൂലി വാങ്ങിയ ഉദ്യോഗസ്ഥരെ സംരക്ഷിക്കുക. 26.05.2014–ൽ ഐ.എ.എസ്. അസോസിയേഷൻ മുഖ്യമന്ത്രിക്ക് ഒരു പരാതി നൽകിയിട്ടുണ്ട്. ആ പരാതിയിൽ അവർ ആവശ്യപ്പെടുന്നത്, സെക്രട്ടറി ലെവൽ ഓഫീസർമാർക്ക് സ്വാതന്ത്ര്യം കൊടുക്കണം. അവരുടെ റിപ്പോർട്ടിംഗ് ഓഫീസർ ചീഫ് സെക്രട്ടറിയാണോ മന്ത്രിയാണോയെന്ന് തീരുമാനിക്കാനുള്ള അവകാശം അവർക്ക് വിട്ടുതരണമെന്നാണ്. ഇത്തരത്തിൽ മന്ത്രിമാരുടെ താല്പര്യങ്ങൾ ബലികഴിച്ചുകൊണ്ട് സർക്കാർ ഉത്തരവുകളിറങ്ങുന്നു. പല ഉത്തരവുകളും എന്തെന്ന് മന്ത്രിമാർ അറിയുന്നില്ല. ഇൻഡ്യാചരിത്രത്തിലും കേരള ചരിത്രത്തിലും ഒരു

കാലത്തുമുണ്ടായിട്ടില്ലാത്ത തരത്തിൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാർ തമ്മിലടിച്ച് ആ സർവ്വീസിന്റെ മാന്യതയും അന്തസ്സും നഷ്ടപ്പെടുത്തി ഇവിടെ ഭരണസ്തംഭനമുണ്ടാക്കിയിരിക്കുകയാണ്. ഒരു വാചകത്തിൽ നിർത്താം.

മി. സ്പീക്കർ: ........പ്ലീസ് ... ഒറ്റ വാചകത്തിൽ നിർത്തണം.

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർ ചീഫ് സെക്രട്ടറിയെ ഘരാവോ ചെയ്യാൻ പോകുന്നുവെന്നും പ്രക്ഷോഭം നടത്താൻ പോകുന്നുവെന്നും വാർത്ത വന്നിരിക്കുന്നു. ഇത് ഗുരുതരമായ ഭരണസ്തംഭനവും ഭരണരംഗത്ത് വീഴ്ചയും വരുത്തിവച്ചിരിക്കുന്നു. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മാത്യു.റ്റി. തോമസ്, ഒരു ഘരാവോയും ഒരു നിയമപ്രശ്നവുമുണ്ടാകില്ല. ഞാൻ പറഞ്ഞല്ലോ മാധ്യമങ്ങളിൽ കുറെയധികം വാർത്തകൾ വന്നിട്ടുണ്ട്. അതിനെ അടിസ്ഥാനമാക്കിയാണ് അങ്ങ് ഇവിടെ പറഞ്ഞത്. അങ്ങ് പറഞ്ഞു ഇത് ഇൻഡ്യയിൽപ്പോലുമില്ലായെന്ന്; കേരളത്തിൽ ഇല്ലേ? ഒരു ചീഫ് സെക്രട്ടറി രാജി വച്ച് പോയത് അങ്ങ് മന്ത്രിയായിരുന്ന സമയത്തല്ലേ. ഐ.എ.എസ്. അസോസിയേഷൻ എല്ലാക്കാലത്തും അവർക്ക് ബുദ്ധിമുട്ട് വരുന്ന കാര്യങ്ങളിൽ പരാതി കൊടുത്തിട്ടുണ്ട്. അത് എല്ലാ ഗവൺമെന്റുകളുടെ കാര്യത്തിലും കൊടുത്തിട്ടുണ്ട്. ഇന്നും കിട്ടിയിട്ടുണ്ട്. കിട്ടിയാൽ ഞങ്ങൾ ഏതാണ് ശരിയെന്ന് നോക്കി കാര്യമായിതന്നെ പരിഗണിക്കും. രാജു നാരായണസ്വാമിയുടെ കാര്യം അങ്ങ്തന്നെ വായിച്ചല്ലോ റിപ്പോർട്ടിംഗ് അതോറിറ്റിയും റിവ്യൂവിംഗ് അതോറിറ്റിയും എഴുതിയതിന് അപ്പുറത്ത് ചീഫ് മിനിസ്റ്റർ തിരുത്തിയെന്നുള്ള കാര്യം അങ്ങ് അംഗീകരിച്ചല്ലോ. ഇവിടെ ഞാൻ പറയാം .......... അതെങ്ങനെയാണ് ചീഫ് സെക്രട്ടറി റദ്ദാക്കുന്നത്. പക്ഷെ അതിൽ

പ്രൊസീഡ്യുവറായിട്ടുള്ള ഒരു തെറ്റു വന്നു. അതുസംബന്ധിച്ച് കേസായി. നിയമപരമായി ചോദ്യം ചെയ്യുന്ന സാഹചര്യത്തിൽ വന്നപ്പോൾ പ്രൊസീഡ്യുവർ ആയിട്ടുള്ള തെറ്റ് തിരുത്തിയേ മതിയാകൂ. ഇവിടെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് സ്വാതന്ത്ര്യവും പ്രൊട്ടക്ഷനുമുണ്ടാകും. യാതൊരു സംശയവും വേണ്ട. ഇവിടെ അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്തകളെ അടിസ്ഥാനമാക്കിയാണ്. അങ്ങനെയുള്ള ഒരു പ്രശ്നവുമില്ല. ഇവിടെയൊരു ഭരണസ്തംഭനവുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചീഫ് സെക്രട്ടറിക്കെതിരെയുള്ള ആക്ഷേപങ്ങൾ എങ്ങനെയാണ് അഡീഷണൽ ചീഫ് സെക്രട്ടറി അന്വേഷിക്കുന്നത്; മുഖ്യമന്ത്രിക്കെതിരായിട്ടുള്ള ആരോപണം ഒരു മന്ത്രി അന്വേഷിച്ചാൽ മതിയോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ചീഫ് സെക്രട്ടറിക്കെതിരായിട്ടുള്ള കാര്യമന്വേഷിക്കാനല്ല. ഇങ്ങനെയൊരു വാർത്ത മാധ്യമങ്ങളിൽ വന്നത് എങ്ങനെയെന്ന് അന്വേഷിക്കാൻ വേണ്ടിയാണ്. അത് ബോധപൂർവ്വമാണോ, മന:പൂർവ്വമാണോയെന്നുള്ളത് അറിയാൻവേണ്ടി മാത്രമാണ്. ഇതിനെക്കുറിച്ച് ഒരാശങ്കയും വേണ്ട. പ്ലാനിംഗ് ബോർഡിന്റെ വൈസ്ചെയർമാൻ ശ്രീ. കെ. എം. ചന്ദ്രശേഖരൻ, കേന്ദ്രത്തിൽ ക്യാബിനറ്റ് സെക്രട്ടറിയായിരുന്നു. ഇൻഡ്യയിലെതന്നെ ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു. എല്ലാവർക്കും സ്വീകാര്യനായിട്ടുള്ളതും എല്ലാവരുമായും നല്ല ബന്ധം പുലർത്തുന്നയാളുമാണ്. ശ്രീ. ചന്ദ്രശേഖരനോട് ഈ കാര്യങ്ങൾ സംസാരിച്ച് അതുസംബന്ധിച്ച് ആശയവിനിമയരംഗത്ത് വന്നിട്ടുള്ള കുറവുകൾ നികത്തുന്നതിന് വേണ്ടി അദ്ദേഹം ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കും. അതുസംബന്ധിച്ച് ഒരു പ്രശ്നവുമിവിടെയുണ്ടാകില്ല. ബഹുമാനപ്പെട്ട ശ്രീ. മാത്യു. റ്റി. തോമസ് ഇവിടെ പറഞ്ഞി

ല്ലെങ്കിലും നോട്ടീസിൽ പറഞ്ഞിട്ടുണ്ട്. 45 ഐ.എ.എസ്. ഉദ്യോഗസ്ഥർ ഇവിടെനിന്ന് ഡെപ്യൂട്ടേഷനിൽ പോയിരിക്കുകയാണ്. ഇതെന്താ പുതിയ സംഭവമാണോ? എല്ലാകാലത്തും ഡെപ്യൂട്ടേഷനിൽ പോകും. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 41 പേർ ഡെപ്യൂട്ടേഷനിലായിരുന്നു. ഇന്നിപ്പോൾ 45 പേർ ഡെപ്യൂട്ടേഷനിലാണ്. ഡെപ്യൂട്ടേഷനിൽ പോകണമെന്നുള്ളത് ഓൾ ഇൻഡ്യ സർവ്വീസിന്റെ ഒരു ഭാഗമാണ്. അവരുടെ സർവ്വീസിന്റെ ഭാഗമായിട്ടുള്ളതാണ് ഈ ഡെപ്യൂട്ടേഷൻ. അതല്ലാതെ ഇവിടെ പ്രവർത്തിക്കാൻ പറ്റാത്ത സാഹചര്യമാണെന്ന് പറഞ്ഞ് പോയതല്ല. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു ആശങ്കയ്ക്കും വകയില്ല. സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സംസ്ഥാനത്തെ ചീഫ് സെക്രട്ടറി മുഖ്യമന്ത്രിയുടെ ഒത്താശയോടുകൂടി സ്വകാര്യ കുത്തകകൾക്കുവേണ്ടി വഴിവിട്ട നടപടികൾ ചെയ്തുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ എല്ലാ അഴിമതികൾക്കും ചീഫ് സെക്രട്ടറി തേരാളിയാവുകയാണ്. മുഖ്യമന്ത്രിയുടെ തണലിൽ ചീഫ് സെക്രട്ടറി മന്ത്രിമാരെപ്പോലും അവഗണിക്കുന്ന നിലയിലുള്ള നടപടിയാണ് എടുക്കുന്നത്. ..... (ബഹളം) ..... ഐ.എ.എസ്., ഐ.പി.എസ് ഉദ്യോഗസ്ഥൻമാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് മന്ത്രിമാർക്ക് നൽകണമെന്ന ചട്ടം ലംഘിച്ചുകൊണ്ട് മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും ചേർന്ന് എഴുതുകയാണ്. ചീഫ് സെക്രട്ടറിക്ക് താല്പര്യ

മില്ലാത്ത ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ട് മോശമായി എഴുതി അവരുടെ പ്രൊമോഷനും ശമ്പളവും തടഞ്ഞുവയ്ക്കുകയാണ് ചെയ്യുന്നത്. എ.ഡി.ജി.പി-യുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഡി.ജി.പി. എഴുതിയത് ആഭ്യന്തര വകുപ്പുമന്ത്രിയായ ശ്രീ. രമേശ് ചെന്നിത്തലയെ കാണിക്കാതെ ചീഫ് സെക്രറി തിരുത്തി മുഖ്യമന്ത്രിയെക്കൊണ്ട് ഒപ്പിടുവിച്ചിരിക്കുകയാണ്. ഇത് സർവ്വീസിൽ ആദ്യമായാണ് നടക്കുന്നത്. തന്റെ അധികാരം കവർന്നെടുത്തിട്ടും ആഭ്യന്തരവകുപ്പുമന്ത്രി മിണ്ടാതിരിക്കുകയാണ്. എന്റെ കൈവശമുള്ള രേഖകളുടെയടിസ്ഥാനത്തിലാണ് ഇന്നലെ ചീഫ് സെക്രട്ടറിയുടെ സ്വത്തുവിവരങ്ങളുടെ കണക്കുകളെപ്പറ്റി ഞാൻ പ്രസ്താവന നടത്തിയത്. ഞാനതിൽ ഉറച്ചുനിൽക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തര അന്വേഷണം നടത്തണം. മറ്റൊരുകാര്യംകൂടി ഞാൻ സഭയുടെ മുന്നിൽ അവതരിപ്പിക്കുകയാണ്. തിരുവനന്തപുരത്ത് പാറ്റൂർ ജംഗ്ഷനിൽ ഇപ്പോൾ ഒരു ഫ്ളാറ്റ് സമുച്ചയം ഉയരുന്നുണ്ട്. മുംബൈ ആസ്ഥാനമായ അവ്യൂതിമാൾ ആണ് ഇതിന്റെ ഉടമസ്ഥർ. ഈ സ്ഥലത്തുകൂടിയാണ് തിരുവനന്തപുരത്തിന്റെ സ്വീവേജ് ലൈൻ പോകുന്നത്. ഈ ഭൂമി വിൽക്കുന്നതുതന്നെ ചട്ടവിരുദ്ധമാണ്. വാട്ടർ അതോറിറ്റിയുടെ 17 സെന്റ് സ്ഥലംകൂടി ഇവർ കയ്യേറിയിട്ടുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറും വിജിലൻസും അന്വേഷിച്ച് നടപടിയെടുക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈ ഉത്തരവ് നടപ്പിലാക്കുന്നതിനു പകരം സർക്കാർ 18.02.2014-ന് വാട്ടർ അതോറിറ്റി എം.ഡി., ലാന്റ് റവന്യൂ കമ്മീഷണർ, സർവ്വേ ഡയറക്ടർ എന്നിവരെ ചേർത്ത് ഒരു കമ്മിറ്റിയുണ്ടാക്കി. ഇവരുടെ 23.04.2014-ലെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് മേയ് 2-ന് ഉത്തരവിറക്കി.

വാട്ടർ അതോറിറ്റി പുറമ്പോക്കിലെ സ്വീവേജ് ലൈൻ മാറ്റിയിടാനും അതിനു ശേഷം സർവ്വേ നടത്താനുമാണ് അതിൽ പറയുന്നത്. സർക്കാർ പുറമ്പോക്കിലെ പൈപ്പ് ലൈൻ മാറ്റിയിട്ട് കയ്യേറിയ ഫ്ളാറ്റുടമയ്ക്ക് ആ സ്ഥലം വിട്ടു കൊടുക്കാനുമാണ് ഉത്തരവിറക്കിയിരിക്കുന്നത്. ഇത് വലിയ അഴിമതിയാണ്. ഈ 17 സെന്റ് സ്ഥലത്തിന് എട്ടുകോടിരൂപയോളം വിലവരും. ഈ ഉത്തരവിന് ഒരു പ്രത്യേകതയുണ്ട്. ചീഫ് സെക്രട്ടറിയുടെ അപ്രൂവൽ ഉണ്ടെന്നാണ് റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ അവസാനം പറഞ്ഞിരിക്കുന്നത്. ഇത് അസാധാരണമായ നടപടിയാണ്. ഇതിന്റെ അർത്ഥം ഈ തിരിമറിക്ക് ചീഫ് സെക്രട്ടറിയുടെ കാർമ്മികത്വമുണ്ടെന്നാണ്. ആർക്കുവേണ്ടിയാണ് ചീഫ് സെക്രട്ടറി ഈ അഴിമതിയൊക്കെ നടത്തുന്നത്. ഈ ഉത്തരവ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഞാൻ ചൂണ്ടിക്കാണിച്ച കാര്യങ്ങളൊക്കെ അതീവ ഗുരുതരമാണ്. ചീഫ് സെക്രട്ടറിയുടെ ഇത്തരം നടപടിമൂലം ഐ.എ. എസ്., ഐ.പി.എസ് ഉദ്യോഗസ്ഥൻമാർ നിഷ്ക്രിയരായിരിക്കുകയാണ്. കേരളത്തിലിപ്പോൾ ഭരണസ്തംഭനമാണ്. മുഖ്യമന്ത്രിയാണ് ഇതിനെല്ലാം ഉത്തരവാദി. ഭരണം പൂർണ്ണമായും നിശ്ചലമായ അത്യപൂർവ്വ സാഹചര്യംപോലും സഭനിർത്തിവച്ച് ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഈ സർക്കാരിന്റെ നിഷേധാത്മക നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപേയി)

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള ചേരിപ്പോര് അവസാനിപ്പിക്കുന്നതിനുവേണ്ടി ഒരു ഒത്തുതീർപ്പ് ഫോർമുലയുണ്ടാക്കിയെന്ന നിലയിലാണ് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഐ.എ.എസ്-കാർ രണ്ട് ചേരിയായി മാറിനിന്ന് പരസ്പരം നടത്തുന്ന ആരോപണ പ്രത്യാരോപണങ്ങൾക്ക് സമാധാനമുണ്ടാക്കാൻ ഒരു താല്ക്കാലിക നടപടിയെന്ന നിലയിൽ ചിലരെ ചുമതലപ്പെടുത്തിയിരിക്കുന്നുവെന്നാണ് ചൂണ്ടിക്കാണിച്ചത്. ഇവിടെ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള ചേരിപ്പോര് അതുമായി ബന്ധപ്പെട്ടുള്ള ഭരണസ്തംഭനം, അതിനുമപ്പുറത്ത് ഈ വിഷയത്തിൽ അഴിമതിയുടെ ദുർഗന്ധമുണ്ടെന്നുള്ളതാണ് പ്രതിപക്ഷനേതാവ് ശക്തമായ ഭാഷയിൽ ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഈ വിഷയങ്ങളൊക്കെ സംസാരിച്ച് ഇരു വിഭാഗക്കാർ തമ്മിലുള്ള തർക്കം പരിഹരിച്ചാൽ ഈ അഴിമതിയുടെ പ്രശ്നത്തിൽ എന്ത് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുള്ളതാണ് ആലോചിക്കേണ്ട കാര്യം. പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കി അവസാനിപ്പിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നതെങ്കിൽ അതീവ ഗൗരവമായി ഇവിടെ ആരോപിക്കപ്പെട്ടിട്ടുള്ള അഴിമതി സംബന്ധിച്ച വിഷയത്തിൽ എന്താണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്ന നടപടിയെന്നറിയാൻ താല്പര്യമുണ്ട്. ഇതൊരു പുതിയ വിഷയമല്ലെന്ന് എല്ലാവർക്കുമറിയാം. അനധികൃതമായ സ്വത്ത് സമ്പാദനത്തെക്കുറിച്ച് അനാവശ്യമായ ഇടപെടൽ, മൂന്നാറിലെ ഒഴിപ്പിക്കൽ നടപടി ഇവയെല്ലാം വർഷങ്ങൾക്കുശേഷമാണ് പുറത്തുവരുന്നതെങ്കിലും പരസ്പരം ഐ.എ.എസുകാർ തമ്മിലുള്ള കിടമത്സരത്തിനിടയിൽ ഇത്തരം ചില കാര്യങ്ങൾ ചില സന്ദർഭങ്ങളിൽ പുറത്തുവരുന്നുയെന്നേ മനസ്സിലാക്കേണ്ടതുള്ളൂ. അതിനേക്കാളേറെ വിഷയങ്ങളവിടെ നിലനിൽക്കുന്നു എന്നതിൽ

സംശയമില്ല. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ദേവസ്വം വകുപ്പിന്റെ സെക്രട്ടറിയായിരുന്ന ഇന്നത്തെ ചീഫ് സെക്രട്ടറി അന്നത്തെ വകുപ്പുമന്ത്രിക്കെതിരെ സ്വീകരിച്ച നടപടിയും പരസ്യമായ പ്രസ്താവനകളുമെല്ലാം കേരളം കണ്ടതാണ്. അതിനുശേഷം അദ്ദേഹം ഇവിടെനിന്ന് ഡെപ്യൂട്ടേഷനിൽ ഡൽഹിയിൽ പോവുകയും സിവിൽ ഏവിയേഷന്റെ ചുമതല വഹിക്കുകയും ചെയതു. ആ സന്ദർഭത്തിലും അദ്ദേഹത്തെക്കുറിച്ച് ഗൗരവമായ അഴിമതിയാരോപണങ്ങൾ ഉയർന്നുവന്നു. കോടിക്കണക്കിന് രൂപ ചെലവിട്ട് സ്വന്തം മകളെ വിദേശത്തയച്ചുപഠിപ്പിക്കുന്നുയെന്ന ആക്ഷേപമുയർന്നുവന്നത് ഈ രാജ്യത്തുണ്ടായതാണ്. അത്തരമൊരാളിനെ തിരിച്ചുകൊണ്ടുവരാനും ഇവിടെ ചീഫ് സെക്രട്ടറിയാക്കാനുമുള്ള തീരുമാനമുണ്ടാകുമ്പോൾ, യോഗ്യതയുള്ള വേറെ ആളുകളില്ലാത്തതുകൊണ്ടാണോ ആ തീരുമാനമെടുത്തത്? ഗവൺമെന്റിന് അതിൽ പ്രത്യേകമായ താല്പര്യമെന്താണ്? അഴിമതി അത്യന്തം ഗുരുതരമായി ആരോപിക്കപ്പെട്ട സന്ദർഭത്തിൽ പ്രതിപക്ഷനേതാവ് ഈ സഭയിൽ അത്തരം ആരോപണങ്ങൾ ഉന്നയിച്ചാൽ സ്വാഭാവികമായും ഗവൺമെന്റ് അതിനെക്കുറിച്ച് പ്രാഥമികമായ അന്വേഷണം നടത്താനും താല്ക്കാലികമായി അദ്ദേഹത്തെ മാറ്റിനിർത്തി അതിന്റെ പേരിൽ നടപടി സ്വീകരിക്കാനും ആവശ്യമായ തീരുമാനമെടുക്കാനുമുള്ള ഗവൺമെന്റ് ഇക്കാര്യത്തിൽ ഒത്തുതീർപ്പ് വ്യവസ്ഥകളും, പുതിയ നിർദ്ദേശങ്ങളുമായി മുഖംമിനുക്കിക്കൊണ്ട് താല്ക്കാലികമായി ഇവിടെ പ്രശ്നങ്ങളൊന്നുമുണ്ടായിട്ടില്ലെന്നു വരുത്തിതീർക്കാൻ നടത്തുന്ന ശ്രമം പ്രതിഷേധാർഹമാണ്. ഇത്തരം വിഷയങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ ദൈനംദിന പ്രവർത്തനത്തേയും കാര്യനിർവ്വഹണവിഭാഗത്തേയും തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക്

വളർന്നുവന്നിരിക്കുന്നത് അവസാനിപ്പിക്കാൻ നടത്തുന്ന ഈ ശ്രമം ശരിയല്ലെന്നും അതിനുള്ള അന്വേഷണങ്ങളാണ് തുടരേണ്ടതെന്നും ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപേയി)

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടു തവണ ഈ അടിയന്തരപ്രമേയ നോട്ടീസിനോട് പ്രതികരിച്ചു. ഒരു മുഖ്യമന്ത്രിക്ക് ഒരു സംസ്ഥാനത്ത് ഭരണസ്തംഭനമുണ്ടെന്ന് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. അത് ഞാൻ സമ്മതിക്കുന്നു. അത് യാഥാർത്ഥ്യമാണെങ്കിൽ കൂടിയും അത് അംഗീകരിച്ചാൽ മുഖ്യമന്ത്രിക്ക് ആ കസേരയിൽ ഇരിക്കാൻ സാധിക്കുകയില്ല. പക്ഷെ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഉണ്ടായിരിക്കുന്ന ഈ ചേരിതിരിവ് ദൗർഭാഗ്യകരമാണ് എന്നൊരു വാചകം മുഖ്യമന്ത്രിയിൽനിന്നും ഞങ്ങൾ പ്രതീക്ഷിച്ചു. അത് ഉണ്ടാകാത്തത് അങ്ങേയറ്റം ഖേദകരമാണ്. അഖിലേന്ത്യാ സർവീസിന്റെ മാന്യതയും നമ്മൾ കൽപ്പിച്ചുകൊടുത്തിരിക്കുന്ന പരിശുദ്ധിയുമൊക്കെ നഷ്ടപ്പെടുത്തിക്കളയുന്ന തരത്തിൽ ലൈംഗികാപവാദവും അനധികൃത സ്വത്ത് സമ്പാദനവുമടക്കം പരസ്പരം ചെളിവാരി എറിഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇത് സങ്കടകരമാണ് എന്നൊരു വാചകം മുഖ്യമന്ത്രി പറയേണ്ടിയിരുന്നുവെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, യാതൊരു അടിസ്ഥാനവുമില്ലാതെ അനധികൃതമായി സ്വത്ത് സമ്പാദനം നടക്കുന്നുവെന്ന് പത്രങ്ങളിൽ വാർത്ത വരുന്നതനുസരിച്ച് നടപടിയെടുക്കാൻ സാധിക്കുമോ? ചീഫ് സെക്രട്ടറിയുടെ മകൾ വിദേശത്ത് പഠിക്കുന്നത് കോടികളുടെ അഴിമതിയാണെന്നാണ് ഇന്നലെ പ്രതിപക്ഷ നേതാവ് പറഞ്ഞത്. ഒരു വർഷം 39,000 (മുപ്പത്തിയൊൻപതിനായിരം)ഡോളർ സ്കോളർഷിപ്പോടുകൂടി നാല് വർഷത്തെ കോഴ്സാണ് പഠിക്കാൻ പോയത്. ഇപ്പോൾ ചേർന്നതേയുള്ളൂ. 39,000 ഡോളർ എന്നുപറഞ്ഞാൽ പത്ത്-പതിനാറ് ലക്ഷം രൂപ വരും. അതിനാണ് ലക്ഷങ്ങൾ ചെലവാക്കുന്നു എന്നുപറഞ്ഞത്. അതുപോലെതന്നെ സ്വത്ത് സമ്പാദനം എന്നുപറഞ്ഞത്, എല്ലാ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരും ജനുവരി 30-ാം തീയതിക്കകം സ്വത്ത് വിവരം അറിയിക്കണമെന്നുണ്ട്. അതിനകത്ത് എന്ത് തെറ്റാണ് വന്നിട്ടുള്ളത് എന്ന് വെബ്സൈറ്റിൽകൂടി പരിശോധിക്കാം. യാതൊരടിസ്ഥാനവുമില്ലാതെ ഇവിടെവന്ന് മറുപടി പറയാൻ ഇല്ലാത്ത ആളുകളുടെ പേരിൽ... ഇന്നിപ്പോൾ പ്രതിപക്ഷ നേതാവ് വളരെയധികം ശ്രദ്ധിച്ചു. അദ്ദേഹം ആരോപണം ഒന്നും പറഞ്ഞില്ല. അദ്ദേഹം പറഞ്ഞു, ഞാൻ ഇന്നലെ പറഞ്ഞ ആരോപണത്തിൽ ഉറച്ചു നിൽക്കുന്നു എന്ന്. ഇന്നലെ പറഞ്ഞതിനകത്ത് യാതൊരടിസ്ഥാനവുമില്ല. അങ്ങ് അത് ആവർത്തിക്കാൻ ശ്രമിച്ചതുകൊണ്ടാണ് ഞാൻ ഇത് നിഷേധിച്ചത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ ആവർത്തിക്കാൻ ശ്രമിച്ചത് അതല്ല. അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ഇവിടെവന്ന് പ്രതിരോധിക്കാൻ കഴിയാത്ത ഒരാൾക്കെതിരെ ഒരക്ഷരവും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത് രണ്ട് ചേരിയിൽ നിന്നുകൊണ്ട് പരസ്പരം ചെളിവാരി എറിഞ്ഞു കൊണ്ടിരിക്കുകയാണ്, അത് ദൗർഭാഗ്യകരമാണെന്ന് മുഖ്യമന്ത്രി പറയേണ്ടി

യിരുന്നു. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ തന്നെയാണ് പറഞ്ഞത്. ഐ.എ.എസ്. ഉദ്യോഗസ്ഥർ ഒരു ഭാഗത്തുനിന്ന് മറ്റുള്ളവർക്കെതിരെ ആരോപണം പറയുക, മറ്റുള്ളവർ ഇവർക്കെതിരെ ആരോപണം പറയുക, ഈ രേഖകളും വാർത്തകളും എങ്ങനെയാണ് പുറത്ത് വരുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന്റെ പേര് വച്ച് ഒരാക്ഷേപം ഇവിടെ വന്നിട്ടുണ്ടോ? മാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് ആക്ഷൻ എടുക്കാൻ സാധിക്കുമോ? അങ്ങ് ഒരു ഉത്തരവാദിത്തപ്പെട്ട മെമ്പറല്ലേ? ഈ വന്ന ഏതെങ്കിലും ഒരാക്ഷേപം ആരുടെയെങ്കിലും പേര് വച്ച് വന്നിട്ടുണ്ടോ? എന്തും പറയാം എന്നുള്ള സ്ഥിതി ശരിയല്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ പറഞ്ഞതിനെ സംബന്ധിച്ച് അങ്ങ് പറഞ്ഞാൽ പ്രതികരിക്കാൻ തയ്യാറാണ്. ഞാൻ പറഞ്ഞത് ഇത്തരം ആരോപണങ്ങൾ ചേരിപ്പോരിന്റെ ഫലമായിട്ടാണല്ലോ പുറത്തുവരുന്നത്. അല്ലാതെ ഇതൊക്കെ എങ്ങനെയാണ് പുറത്ത് വരുന്നത്; ചേരിപ്പോര് അവിടെയുണ്ട്. അത് അംഗീകരിക്കപ്പെട്ടതാണ്. ഉദാഹരണം ഞാൻ പറഞ്ഞല്ലോ പത്രവാർത്തയല്ലാതെ, അങ്ങ് കൊടുത്ത കത്തിനെ ലംഘിച്ചുകൊണ്ട് ചീഫ് സെക്രട്ടറി ഇറക്കിയ ഉത്തരവ്, അങ്ങ് സമ്മതിക്കുകയാണെങ്കിൽ, ഞാൻ മേശപ്പുറത്ത് വയ്ക്കാം. അതുകൊണ്ട് വെറുതെ പത്രവാർത്തയുടെ അടിസ്ഥാനത്തിലല്ല ഞാൻ ആരോപണങ്ങൾ ഉന്നയിക്കുന്നത്. ചെയർ അനുവദിക്കുമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ഉദ്യോഗസ്ഥന്റെ പി.എ.ആർ.-ൽ എക്സ്പഞ്ച് ചെയ്തത് നിഷേധിച്ചുകൊണ്ട് ചീഫ് സെക്രട്ടറി ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ഞാൻ മേശപ്പുറത്ത് വയ്ക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പ്രതിപക്ഷനേതാവും അങ്ങും രണ്ടായിട്ടാണ് കാര്യങ്ങൾ പറയുന്നത്. ഞാനും കൂടി കൂട്ടുനിന്നുകൊണ്ടുള്ള ഏർപ്പാടാണെന്നാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. ചീഫ് സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെതിരായി എഴുതിയത് ഞാൻ തിരുത്തുകയാണ് ചെയ്തതെന്ന് അങ്ങ് പറയുന്നു. നിങ്ങൾ രണ്ടും രണ്ടുതരത്തിലാണ് പറയുന്നത്. ശരിയാണ് ഞാൻ തിരുത്തി. ഞാൻ തിരുത്തിയതുസംബന്ധിച്ച് കോടതിയിൽ ഒരു കേസ് ഉണ്ട്. കേസ് വരുന്ന സമയമായതുകൊണ്ട് പ്രൊസീഡ്യുവറിൽ വന്നിട്ടുള്ള ഒരു എററാണത്. ആ എറർ തിരുത്തേണ്ടതായിട്ടുണ്ട്. അത് തിരുത്താൻവേണ്ടി നടത്തുന്ന ശ്രമത്തെക്കുറിച്ചാണ് അങ്ങ് തെറ്റായി വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യോത്തരമാക്കാൻ പറ്റില്ല. ബഹുമാനപ്പെട്ട ജമീലാ പ്രകാശം ചോദ്യോത്തരമാക്കാൻ പറ്റില്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ചീഫ് സെക്രട്ടറി എഴുതിയ റിമാർക്സ് അങ്ങ് തിരുത്തിയതിൽ എനിക്ക് കേസില്ല. ഫുഡ് ആന്റ് സിവിൽ സപ്ലൈസ് പ്രിൻസിപ്പൽ സെക്രട്ടറിയും ബന്ധപ്പെട്ട വകുപ്പുമന്ത്രിയും എഴുതിയ റിമാർക്സ് അങ്ങ് എക്സ്പഞ്ച് ചെയ്ത് ഒരു കത്തയച്ചപ്പോൾ അത് തിരുത്തി ചീഫ് സെക്രട്ടറി ഉത്തരവിറക്കി. അതാണ് എന്റെ കേസ്. ഇത്തരം കാര്യങ്ങൾ പുറത്ത്............

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ് അങ്ങ് പതിനാല് മിനിട്ടെടുത്താണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. ഇപ്പോൾ വീണ്ടും ആറ് മിനിട്ടെടുത്തു. ഇനി ചുരുക്കണം.

ശ്രീ. മാത്യു റ്റി. തോമസ്: സർ, പത്രങ്ങളിൽ വരുന്ന വാർത്തകൾക്ക് ഒരു അടിസ്ഥാനവുമില്ലായെന്ന് പറയുന്നത് അംഗീകരിക്കാൻ കഴിയില്ല. എവിടെയൊക്കെയോ ചിലതൊക്കെ ചീഞ്ഞ് നാറുന്നുണ്ട്. അത് ഖേദകര

മാണ് എന്നൊരു വാക്ക് സംസ്ഥാന ഭരണത്തലവന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ടവരും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ജനങ്ങളിൽ വളരെയേറെ ആശങ്കയുണ്ടാക്കിയ ചേരിപ്പോര് സംബന്ധിച്ചാണ് ഇന്ന് പ്രതിപക്ഷം അടിയന്തരപ്രമേയം കൊണ്ടുവന്നത്. വാർത്തകളെ മാത്രം അടിസ്ഥാനമാക്കി ഗവൺമെന്റിന് നടപടിയൊന്നും സ്വീകരിക്കാൻ കഴിയില്ലായെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഒന്നുമില്ലാതെ വാർത്തകൾ ഉണ്ടാകുമെന്ന് അങ്ങയെപ്പോലെയുള്ള ഒരു രാഷ്ട്രീയ നേതാവ് വിശ്വസിക്കുന്നുണ്ടോ? തീയില്ലാതെ എവിടെയെങ്കിലും പുകയുണ്ടാകുമോ? ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ രണ്ട് ചേരിയായിനിന്ന് ചെളി വാരിയെറിയുന്നത് വായിച്ചാണ് കേരളത്തിലെ ജനങ്ങൾ ഉണരുന്നത്. അവരുടെ മുൻപിലുള്ള ഒരു പ്രശ്നമാണ് സഭയുടെ മുൻപിൽ കൊണ്ടുവരാൻ ഇടയായത്. മറ്റൊരു അപകടത്തെക്കുറിച്ചുകൂടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. ഇവിടെ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണാധികാരം കേന്ദ്ര ഗവൺമെന്റിനാണ്. ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ തമ്മിൽ ചക്കളത്തിപോരാട്ടം നടത്തുന്നു. ഭരണകൂടവും അഡ്മിനിസ്ട്രേഷനും തമ്മിൽ തർക്കം ഉണ്ടാകുന്നുവെന്നുവന്നാൽ, മാറിയ സാഹചര്യത്തിൽ കേരളത്തിൽ ഭരണ സ്തംഭനം എന്ന പേരിൽ കേന്ദ്ര ഗവൺമെന്റിന് ഇടപെടാനുള്ള ഒരു സാഹചര്യം കൂടി സൃഷ്ടിക്കപ്പെടുകയാണ്. അത്രയേറെ ഗൗരവതരമായ ഒരു

സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഒഴിവാക്കുന്നതിനും കൂടിയാണ് ഞങ്ങൾ അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിച്ചതും ഇത് ചർച്ച ചെയ്ത് അടിസ്ഥാനപരമായി തീരുമാനമെടുത്ത് പരിഹാരം കാണണമെന്നും ഉന്നയിക്കാൻ കാരണം. അല്ലാതെ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ പുകമറ സൃഷ്ടിക്കാൻവേണ്ടി നടത്തിയ ഒരു ചെറിയ ശ്രമമല്ല. ഈ സർക്കാരിന്റെ മുഖത്ത് കരിവാരി തേയ്ക്കാൻ ആഗ്രഹിക്കുന്ന ഗൂഢശക്തികൾ ഇതിന്റെ പിന്നിലുണ്ട്. ഇതൊക്കെ ആലോചിക്കേണ്ടതല്ലേ. വളരെ ലാഘവത്തോടുകൂടി ഇവിടെയൊന്നും സംഭവിക്കുന്നില്ലായെന്നും പ്രതിപക്ഷത്തിന് ഇതിൽ എന്താണ് കാര്യം എന്ന മട്ടിൽ, അതൊക്കെ ഞാൻ നോക്കിക്കൊള്ളാം, എല്ലാം ഭദ്രമാണ് എന്ന അങ്ങയുടെ നിലപാട് ദൗർഭാഗ്യകരമാണ്. ദൗർഭാഗ്യകരമായ ഈ നിലപാട് അങ്ങ് സ്വീകരിക്കാൻ പാടില്ലായിരുന്നു. ആ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

(സഭ വിട്ട്പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)